(സി, ഡി) വേണ്ടത്ര യോഗ്യതയുള്ള നിദഗ്ദ്ധന്മാർ ഇല്ലാത്തതുകൊണ്ട് ഈ കേന്ദ്രത്തിന്റെ ഗവേഷണം വളരെ ഫലപ്രദമായി കൊണ്ടു പോകാൻ കഴിഞ്ഞിട്ടില്ല.

ഇളനീർ കയറ്റി അയക്കാൻ നടപടി

531 [588] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിലും വിദേശങ്ങളിലും ഇളനീർ വിൽക്കുന്നതിനും കയറ്റി അയയ്ക്കുന്നതിനും ഇന്നത്തെകിലും സംവിധാനമുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നാളികേരത്തിന്റെയും ഇളനീർ ഉൾപ്പെടെയുള്ള കേരോൽപ്പന്നങ്ങളുടെയും ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനായി ഒരു സമഗ്രപദ്ധതി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

നാളികേര വികസന കോർപ്പറേഷൻ

532 [589] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെടുത്തുന്നതായി കേരള സ്റ്റേറ്റ് നാളികേര വികസന കോർപ്പറേഷൻ ഓഫീസേഴ്സ് അസോസിയേഷന്റെ പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോർപ്പറേഷൻ വക ലക്ഷക്കണക്കിന് രൂപ വിലവരുന്ന യന്ത്രസാമഗ്രികൾ തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യന്ത്രസാമഗ്രികൾ കേടുകൂടാതെയാണ് സൂക്ഷിച്ചിരിക്കുന്നത്.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly